## കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ല — വേങ്ങര ഗ്രാമപഞ്ചായത്ത് - 2000-2001 മുതൽ 2002-2003 വരെ കാലയളവിൽ പ്ലാൻ ഫണ്ടിൽ നിന്നും 25,21,746 രൂപ (ഇരുപത്തഞ്ചുലക്ഷത്തി ഇരുപത്തിഒന്നായിരത്തി എഴുന്നൂറ്റി നാല്പത്തി ആറു രൂപ മാത്രം) തനതു ഫണ്ട് പ്രോജക്ടുകൾക്കായി വക മാറ്റി ചെലവഴിച്ച നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

### തദ്ദേശ സ്വയംഭരണ (എ.സി) വകുപ്പ്

സ.ഉ (സാധാ)നം. /3527/2016/തസ്വഭവ. തിരുവനന്തപുരം, തീയതി: 28.12.2016

---

പരാമർശം: 1. വേങ്ങര ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 30.12.2014 ലെ 5-ാം നമ്പർ തീരുമാനം

2. പഞ്ചായത്ത് ഡയറക്ടറുടെ 08.02.2016-ാം തീയതിയിലെ എം3-3137/2016 നം കത്തും അനുബന്ധവും

### ഉത്തരവ്

മലപ്പുറം ജില്ലയിലെ വേങ്ങര ഗ്രാമപഞ്ചായത്ത് 2000-01 മുതൽ 2002-03 വരെ കാലയളവിൽ പ്ലാൻ ഫണ്ടിൽ നിന്നും 25,21,746/- (ഇരുപത്തഞ്ചുലക്ഷത്തി ഇരുപത്തിഒന്നായിരത്തി എഴുന്നൂറ്റി നാല്പത്തി ആറു രൂപ മാത്രം)രൂപ വകമാറ്റി തനതുഫണ്ടുപയോഗിച്ച് നിർവഹിക്കാനുദ്ദേശിച്ച പ്രോജക്ടുകൾക്കായി ചെലവഴിച്ച നടപടി അക്കൗണ്ടന്റ് ജനറലിന്റെ 1997-98 മുതൽ 2002-03 വരെയുള്ള ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക II ബി(ii) പ്രകാരം തടസ്സപ്പെടുത്തുകയും പ്രസ്തുത തുകയ്ക്ക് സർക്കാരിൽ നിന്നും സാധൂകരണം നേടണമെന്ന നിർദ്ദേശിച്ചിരുന്നതായും പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(2) തനത് ഫണ്ടിൽ ഉൾപ്പെടുത്തിയ എല്ലാ പ്രവൃത്തികൾക്കും ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങിയിട്ടുണ്ടെന്നും തനത് ഫണ്ടിൽ മിച്ചം വന്ന തുക ജനക്ഷേമകരമായ പദ്ധതികൾക്കായിട്ടാണ് വിനിയോഗിച്ചിട്ടുള്ളതെന്നും പദ്ധതി പ്രവർത്തനത്തിന്റെ പ്രാരംഭകാലത്ത് സംഭവിച്ച അപാകതകൾ തുടർന്ന് ആവർത്തിച്ചിട്ടില്ല എന്നും ഇക്കാരണം കൊണ്ടാണ് തനതുഫണ്ടുപയോഗിച്ച് നിർവ്വഹണം നടത്തേണ്ട പദ്ധതികൾക്കായി പ്ലാൻ ഫണ്ടിൽ നിന്നും തുക വക മാറ്റി ചെലവഴിച്ച നടപടിക്ക് സാധൂകരണത്തിനായി അപേക്ഷിച്ചിട്ടുള്ളതെന്നും പരാമർശം (2) പ്രകാരമുള്ള കത്തിൽ പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(PTO)

(3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു തനതുഫണ്ടുപയോഗിച്ച് നിർവ്വഹണം നടത്തേണ്ട പദ്ധതികൾക്കായി പ്ലാൻ ഫണ്ടിൽ നിന്നും തുക ചെലവഴിച്ചതു വഴി ഫണ്ട് വകമാറ്റം ചെയ്തതു ഗൗരവമേറിയ വിഷയം ആണ്. എന്നാൽ ഈ പദ്ധതികളുടെ നിർവ്വഹണത്തിൽ മറ്റു അപാകതകൾ ഒന്നും ചൂണ്ടിക്കാണിക്കപ്പെട്ടിട്ടില്ലാത്തതിനാലും പഞ്ചായത്ത് ഫണ്ടിന് നഷ്ടം ഉണ്ടായിട്ടില്ല എന്നതിനാലും 15 വർഷത്തിലധികം പഴക്കമുള്ള പ്രസ്തുത വിഷയത്തിൽ ഇനി നടപടി തുടരുന്നതിൽ സാംഗത്യം ഇല്ല എന്നു സർക്കാർ കരുതുന്നു. മേലിൽ ഇത്തരം വീഴ്ച ഉണ്ടാകരുതെന്ന കർശന നിർദ്ദേശത്തോടെ വേങ്ങര ഗ്രാമപഞ്ചായത്ത് 2000-01 മുതൽ 2002-03 വരെ കാലയളവിൽ തനതു ഫണ്ടിൽ നിന്നും ചെലവു ചെയ്യാനുദ്ദേശിച്ച പദ്ധതികൾക്കായി പ്ലാൻ ഫണ്ടിൽ നിന്നും വകമാറ്റി 25,21,746/- (ഇരുപത്തഞ്ചുലക്ഷത്തി ഇരുപത്തിഒന്നായിരത്തി എഴുന്നൂറ്റി നാല്പത്തി ആറു രൂപ മാത്രം)രൂപ ചെലവഴിച്ച നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**ഷിബു എ.റ്റി**
ഗവൺമെന്റ് അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, വേങ്ങര ഗ്രാമ പഞ്ചായത്ത്, മലപ്പുറം ജില്ല.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ, (എൽ.ബി.എ &എ), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, സ്വരാജ്ഭവൻ, നന്തൻകോട്, തിരുവനന്തപുരം
(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
(സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

**സെക്ഷൻ ഓഫീസർ**